## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2142

26.03.2013- ലെ മറുപടിക്ക്

### കോഴിക്കോട് ജില്ലാസഹകരണബാങ്ക് തെരഞ്ഞെടുപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) കോഴിക്കോട് ജില്ലാസഹകരണ ബാങ്ക് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചോയെന്നും എന്തായിരുന്ന പരാതി യെന്നും വ്യക്തമാക്കുമോ ; | (എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് റിട്ടേണിംഗ് ആഫീസർക്ക് താഴെപറയും പ്രകാരം 5 പരാതികൾ ലഭിച്ചു.<br>1. വോട്ടു ചെയ്യുന്നതു സംബന്ധിച്ച് ശ്രീ. ഒ. മാധവന്റെ പരാതി.<br>2. വോട്ട് എണ്ണുന്നത് സംബന്ധിച്ച് ശ്രീ. മെഹബൂബ് മുതൽ 16 പേരുടെ പരാതി.<br>3. കള്ളവോട്ട് സംബന്ധിച്ച് ശ്രീ. മെഹബൂബിന്റെ പരാതി.<br>4. റീപോളിംഗ് സംബന്ധിച്ച് ശ്രീ. മെഹബൂബ് മുതൽ 10 പേരുടെ പരാതി.<br>5. കള്ളവോട്ട് സംബന്ധിച്ച് ശ്രീ. കെ.വി. സുബ്രഹ്മണ്യന്റെ പരാതി.<br><br>കൂടാതെ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ ഭാഗമായി 08.01.2013 ന് പ്രസിദ്ധീകരിച്ച പ്രാഥമിക വോട്ടർ പട്ടികയിൽ നിന്നും അംഗങ്ങളെ നീക്കം ചെയ്യണമെന്നും അംഗങ്ങളെ ചേർക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 31 പരാതികൾ ഇലക്ടറൽ ആഫീസർക്ക് ലഭിച്ചിട്ടുണ്ടായിരുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത തെരഞ്ഞെടുപ്പിൽ വോട്ടവകാശ മുള്ള എത്ര സംഘങ്ങൾ ഉണ്ടായിരുന്ന വെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ; | (ബി) | 593 സംഘങ്ങൾ ഉണ്ടായിരുന്നു. സംഘങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. |
| സി) | എത്ര സംഘങ്ങൾ വോട്ടുചെയ്തുവെന്നും അവ ഏതൊക്കെയെന്നും വ്യക്തമാ ക്കുമോ; | (സി) | 550 സംഘങ്ങൾ വോട്ടു ചെയ്തു. വോട്ട് ചെയ്ത സംഘങ്ങളുടെ മാർക്ക്ഡ് കോപ്പിയും ഹാജർ ഷീറ്റ് എന്നിവയടക്കമുള്ള റിക്കാർഡുകൾ കേരള സഹകരണ ചട്ടം 35 എ(7) പ്രകാരം സീൽഡ് കവറിലാക്കി ബാങ്ക് സ്ട്രോങ്ങ് റൂമിൽ നിക്ഷേപിച്ചിരിക്കുന്നതിനാൽ ഈ വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല. |
| ഡി) | കോടതി ഉത്തരവുമായി ഏതെല്ലാം സംഘങ്ങൾ വോട്ടുചെയ്തുവെന്ന് വ്യക്തമാ ക്കുമോ ; | (ഡി) | വോട്ട് ചെയ്ത സംഘങ്ങളുടെ റിക്കാർഡുകൾ സീൽഡ് കവറിലാക്കി ബാങ്ക് സ്ട്രോങ്ങ് റൂമിൽ നിക്ഷേപിച്ചിരിക്കുന്നതിനാൽ ഈ വിവരങ്ങൾ ലഭ്യമല്ല. |
| ഇ) | സമാപ്തീകരണത്തിന് നടപടികളായിട്ടുള്ള ഏതെങ്കിലും സംഘങ്ങൾ പ്രസ്തുത തെര ഞ്ഞെടുപ്പിൽ വോട്ടുചെയ്തിട്ടുണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ഇ) | സമാപ്തീകരണ നടപടിയിൽ തുടർന്ന് വരുന്ന സംഘങ്ങൾ ഒന്നും തന്നെ ജില്ലാ ബാങ്ക് ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്തിട്ടില്ല. എന്നാൽ അംഗങ്ങളുടെ അപേക്ഷ പ്രകാരം സമാപ്തീകരണ നടപടിയിൽ നിന്നും ഒഴിവാക്കി പുനരുദ്ധാരണത്തിന് ഉത്തരവ് നൽകപ്പെട്ടതും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചതുമായ കൊയിലാണ്ടി ലേബർ കോൺട്രാക്ട് സഹകരണ സംഘം കിനാലൂർ എസ്റ്റേറ്റ് എംപ്ലോയീസ് സഹകരണ സംഘം എന്നീ സംഘങ്ങൾ കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**